**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1409** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എത്ര രൂപ എന്ന നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br><br>സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ<br><br>സ്ലാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ<br><br>സ്ലാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ |
| (ബി) | ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുവാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കുവാനും ശിപാർശ ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ